# Paper I Part - A
# MALAYALAM
## Question Number 1 to 15

1) താഴെകൊടുത്തിരിക്കുന്നവയിൽ ശരിയായി എഴുതിയ പദം ഏത്?

എ) ഉത്ഘാടനം ബി) ഉദ്ഘാടനം

സി) ഉഥ്ഘാടനം ഡി) ഉധ്ഘാടനം

2) താഴെപറയുന്നവയിൽ ബഷീറിന്റെ കഥാപാത്ര ജോഡി.

എ) ചന്ദ്രിക - രമണൻ

ബി) പരീക്കുട്ടി - കറുത്തമ്മ

സി) സാറാമ്മ - കേശവൻ നായർ

ഡി) ദാസൻ - ബിന്ദു

3) ശ്രേഷ്ഠ ഭാഷാപദവി ആദ്യം ലഭിച്ചത്.

എ) തമിഴ് ബി) സംസ്കൃതം

സി) കന്നട ഡി) തെലുങ്ക്

4) അനവസരത്തിൽ ആഡംബരം കാണിക്കുന്നു എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്ന ശൈലി

എ) തലമറന്ന് എണ്ണ തേക്കുക

ബി) അർദ്ധരാത്രിക്ക് കുട പിടിക്കുക

സി) ഉർവശി ചമയുക

ഡി) നക്ഷത്രമെണ്ണുക

5) 'കാച്ചിക്കുറുക്കിയ കവിതകൾ' എന്ന് അറിയപ്പെടുന്നത് ആരുടെ കവിതകളാണ്.

എ) ഒ.എൻ.വി.കുറുപ്പ് ബി) സുഗതകുമാരി

സി) വള്ളത്തോൾ ഡി) വൈലോപ്പിള്ളി ശ്രീധരമേനോൻ

6) 'അ' എന്ന അക്ഷരം വേറിട്ട അർത്ഥത്തിൽ ചേർത്തുപയോഗിച്ച പദം ഏത്?

എ) അധർമം ബി) അനീതി

സി) അശാന്തി ഡി) അടവി

7) രാജ്യത്തിന്റെ കടബാധ്യത പ്രതിവർഷം കൂടിക്കൂടി വരികയാണ്. പ്രതിവർഷം എന്ന പദം വിഗ്രഹിച്ചു പറഞ്ഞാൽ

എ) പ്രതിയുടെ വർഷം ബി) വർഷംതോറും

സി) വർഷത്തിന് ശേഷം ഡി) വർഷത്തിന് മുമ്പ്

8) 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യനു പെറ്റമ്മ തൻ ഭാഷതാൻ" ആരുടേതാണ് ഈ വരികൾ

എ) ആശാൻ ബി) ഉള്ളൂർ

സി) വള്ളത്തോൾ ഡി) എഴുത്തച്ഛൻ

9) ഭീമനെ കേന്ദ്ര കഥാപാത്രമാക്കി എം.ടി.വാസുദേവൻ നായർ എഴുതിയ നോവൽ ഏത്?

എ) അസുരവിത്ത് ബി) മഞ്ഞ്

സി) രണ്ടാംമൂഴം ഡി) കാലം

10) വാളെടുത്തവൻ വാളാൽ നശിക്കും - ഈ പഴഞ്ചൊല്ലിന്റെ ആശയത്തോട് ഏറ്റവും അടുത്തു നിൽക്കുന്ന ചൊല്ല് താഴെപറയുന്നവയിൽ ഏത്?

എ) വാളെടുത്തവനെല്ലാം വെളിച്ചപ്പാട്

ബി) വെട്ടൊന്ന് മുറി രണ്ട്

സി) വേലി തന്നെ വിളവ് തിന്നുക

ഡി) വിതച്ചതേ കൊയ്യൂ

11) താഴെപറയുന്നവയിൽ ചിഹ്നമില്ലാത്ത സ്വരാക്ഷരം.

എ) ആ ബി) എ

സി) അ ഡി) ഇ

12) അറബി മലയാളം കൂടുതലായി കാണപ്പെടുന്ന സാഹിത്യരൂപം താഴെപറയുന്നവയിൽ ഏത്.

എ) നോവൽ ബി) ചെറുകഥ

സി) മാപ്പിളപ്പാട്ട് ഡി) നാടകം

13) കണ്ണിൽ മണ്ണിടുക എന്ന ശൈലി അർത്ഥമാക്കുന്നത്.

എ) കണ്ണിൽ മണ്ണെടുത്തിടുക

ബി) വഞ്ചിക്കുക

സി) മണ്ണ് പരിശോധിക്കുക

ഡി) സ്ഥലം വാങ്ങുക

14) കാസർകോട് ജില്ലയിലും കർണ്ണാടകയുടെ പല ഭാഗങ്ങളിലും പ്രചാരമുള്ളതും കഥകളിയോട് സാമ്യം പുലർത്തുന്നതുമായ ഒരു കലാരൂപം

എ) കാക്കാരിശ്ശി നാടകം

ബി) പൂരക്കളി

സി) ചവിട്ടുനാടകം

ഡി) യക്ഷഗാനം

15) നന്തനാർ എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആര്?

എ) പി.സി.ഗോപാലൻ

ബി) ജോർജ്ജ് വർഗീസ്

സി) വി.മാധവൻ നായർ

ഡി) പി.സി.കുട്ടികൃഷ്ണൻ

## Paper I Part - B

## മലയാളം

## Question Number 16 to 30

16) “മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കരയറ്റൊരാലസൽ ഗ്രാമഭംഗി”
ഈ വരികൾ ഉൾപ്പെടുന്ന കൃതി ഏത്?
എ) ഇടശ്ശേരിയുടെ പൂതപ്പാട്ട്
ബി) കുമാരനാശാന്റെ ലീല
സി) ചങ്ങമ്പുഴയുടെ രമണൻ
ഡി) വൈലോപ്പിള്ളിയുടെ സഹ്യന്റെ മകൻ

17) അങ്ങേയറ്റം, അവസാനം എന്നീ ആശയങ്ങൾ നൽകുന്ന മലയാള ശൈലി
എ) നെല്ലിപ്പലക കാണുക
ബി) അടിയറ വയ്ക്കുക
സി) അറ്റകൈ
ഡി) നെറ്റിവിയർക്കുക

18) 2015 ലെ സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം ലഭിച്ചത്.
എ) സ്വെറ്റ്ലാന അലക്സീവിച്ച്
ബി) സ്വെറ്റ്ലാന അലക്സാണ്ടർ
സി) ടോമോസ് അലക്സിയ
ഡി) പോൾ മോഡിച്ച്

19) കൂട്ടത്തിൽ പെടാത്തത് ഏത്.
എ) കഥകളി ബി) കൃഷ്ണനാട്ടം
സി) കൂടിയാട്ടം ഡി) ആട്ടക്കഥ

20) ‘യൂറോപ്പിന്റെ ഇതിഹാസം’ എന്നു വിശേഷിപ്പിക്കപ്പെടുന്ന കൃതി ഏത്.
എ) ജീൻ ക്രിസ്റ്റഫ് ബി) വാർ ആൻഡ് പീസ്
സി) ലാമിറാബിലെ ഡി) അന്നാകരിനീന

21) 2015 ലെ വള്ളത്തോൾ അവാർഡ് ലഭിച്ചത്
എ) ആനന്ദ് ബി) എം.മുകുന്ദൻ
സി) കെ.ആർ.മീര ഡി) സുഗതകുമാരി

22) കുമാരനാശാന്റെ ചില കൃതികൾ താഴെചേർക്കുന്നു. പ്രസിദ്ധീകരണ വർഷത്തിനനുസരിച്ച് തുടക്കത്തിൽ നിന്ന് ഒടുക്കത്തിലേക്ക് എന്ന രീതിയിൽ ശരിയായ ക്രമീകരണം ഏത്?
എ) വീണപൂവ്, നളിനി, ലീല, കരുണ
ബി) വീണപൂവ്, നളിനി, കരുണ, ലീല
സി) വീണപൂവ്, ലീല, കരുണ, നളിനി
ഡി) വീണപൂവ്, കരുണ, ലീല, നളിനി

23) ‘മനുഷ്യന് ഒരു ആമുഖം’ എന്ന നോവലിന് 2014 ലെ കേന്ദ്രസാഹിത്യ അക്കാദമിക പുരസ്കാരം ലഭിച്ചു. രചയിതാവ് ആര്?
എ) കെ.ആർ.മീര
ബി) സുസ്മേഷ് ചന്ത്രോത്ത്
സി) സുഭാഷ് ചന്ദ്രൻ
ഡി) സന്തോഷ് എച്ചിക്കാനം

24) ചുവടെ ചേർത്തവയിൽ അക്ഷരമാലാക്രമം പാലിച്ച് എഴുതിയ കൂട്ടം ഏത്.
എ) തബല/തൃഷ്ണ/തൈമാവ്/തംബുരു
ബി) തൃഷ്ണ/തബല/തൈമാവ്/തംബുരു
സി) തൈമാവ്/തംബുരു/തൃഷ്ണ/തബല
ഡി) തംബുരു/തബല/തൃഷ്ണ/തൈമാവ്

25) മലയാളത്തിലെ ജ്ഞാനപീഠം പുരസ്ക്കാരം നേടിയവർ - ആദ്യത്തേതിൽ നിന്നും അവസാനത്തേത് എന്ന ക്രമത്തിലെഴുതിയത് ഏത്.
എ) ജി.ശങ്കരക്കുറുപ്പ്, എസ്.കെ.പൊറ്റക്കാട്, തകഴി, എംടി, ഒ.എൻ.വി.
ബി) ജി.ശങ്കരക്കുറുപ്പ്, എസ്.കെ.പൊറ്റക്കാട്, തകഴി, ഒ.എൻ.വി., എം.ടി
സി) ജി.ശങ്കരക്കുറുപ്പ്, തകഴി, ഒ.എൻ.വി., എസ്.കെ.പൊറ്റക്കാട്, എം.ടി.
ഡി) ജി.ശങ്കരക്കുറുപ്പ്, തകഴി, എസ്.കെ.പൊറ്റക്കാട്, ഒ.എൻ.വി, എം.ടി.

26) കണ്ണീരും കിനാവും ആരുടെ ആത്മകഥ.
എ) വി.ടി.ഭട്ടതിരിപ്പാട് ബി) ജി.ശങ്കരക്കുറുപ്പ്
സി) എൻ.എൻ.പിള്ള ഡി) ചെറുകാട്

27) താഴെപറയുന്നവയിൽ തെറ്റായ കൂട്ടം ഏത്.
എ) കോരൻ - ചിരുത-ചാത്തൻ - ബഷീർ
ബി) ചെമ്പൻകുഞ്ഞ് - കറുത്തമ്മ - പരീക്കുട്ടി - തകഴി
സി) ഇന്ദുലേഖ - മാധവൻ - സൂര്യനമ്പൂതിരിപ്പാട്- ഒ. ചന്ദുമേനോൻ
ഡി) രവി - പാത്തുമ്മ - കോടച്ചി - ഒ.വി. വിജയൻ

28) കേരള ഫോക്‌ലോർ അക്കാദമി സ്ഥിതിചെയ്യുന്നത്.
എ) കണ്ണൂർ ബി) തിരുവനന്തപുരം
സി) തൃശ്ശൂർ ഡി) വയനാട്

29) കർഷകത്തൊഴിലാളികളുടെ ജീവിതം ആഖ്യാനം ചെയ്യുന്ന ആദ്യമലയാള നോവൽ - കർത്താവ്.
എ) രണ്ടിടങ്ങഴി-തകഴി
ബി) കന്നിക്കൊയ്ത്ത് - വൈലോപ്പിള്ളി
സി) ഓടിയിൽ നിന്ന് - പി.കേശവദേവ്
ഡി) നെല്ല് - പി.വത്സല

30) പൂവിന്റെ ശൈശവം, ബാല്യം, കൗമാരം, യൗവനം എന്നിങ്ങനെ എല്ലാ ജീവിത അവസ്ഥകളേയും തന്റെ ജീവിത ദർശനത്തേയും തന്റെ സൃഷ്ടിയിലൂടെ അവതരിപ്പിച്ച കവി.
എ) വള്ളത്തോൾ ബി) ഒ.എൻ.വി
സി) കുമാരനാശാൻ ഡി) സുഗതകുമാരി

Paper I Part - C

# ഗണിതം

## Question Number 31 to 50

31. 20m/sec വേഗതയിലോടുന്ന ഒരു ട്രെയിനിന് 80m നീളമുണ്ട്. 120m നീളമുള്ള ഒരു പാലം കടന്നുപോകുന്നതിന് എത്ര സമയമെടുക്കും.

A. 4sec
B. 20 sec
C. 10 sec
D. 6 sec

32. $2^{100}$ ന്റെ ഒറ്റയുടെ സ്ഥാനത്ത് വരുന്ന സംഖ്യ ഏത് ?

A. 2
B. 6
C. 8
D. 4

33. PO||RS $\angle C$ യുടെ അളവെത്ര.

C

P Q

70

120


R S

A. $130^0$
B. $30^0$
C. $70^0$
D. $50^0$

34. 100 രൂപ വിലയുള്ള ഒരു പുസ്തകത്തിന്റെ വില 10% കൂട്ടിയതിന് ശേഷം 10% ഡിസ്കൗണ്ട് നൽകി. പുതിയ വിലയെന്ത് ?

A. 101
B. 100
C. 110
D. 99

35.




ABCD ഒരു ചതുരമാണ്. ഷെയ്ഡ് ചെയ്ത ഭാഗത്തിന്റെ വിസ്തീർണമെന്ത് ?


A. $120cm^2$
B. $60cm^2$
C. $30cm^2$
D. $20cm^2$

36. ഒരാൾ ഇന്ത്യയുടെ ദേശീയപതാക നിർമ്മിച്ചപ്പോൾ 16.5 cm നീളമുണ്ട്. വീതി എത്രയായിരിക്കും.

A. 11cm
B. 10cm
C. 16.5cm
D. 10.5cm

37. ഒരു ബാങ്കിൽ 100 രൂപയ്ക്ക് 1 ദിവസം 3½ പൈസ പലിശയാകുന്നു. എങ്കിൽ പലിശനിരക്ക് എന്ത് ?

A. 3½%
B. 10.35%
C. 12%
D. 12.775%)



38. താഴെത്തന്നിരിക്കുന്നവയിൽ ഒറ്റസംഖ്യ ഏത് ?

A. $2^{n-1}$
B. $2^{7n}$
C. $2^n+1$
D. $2^{n+1}$)

39. ക്ലോക്കിൽ സമയം 10.10 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിറ്റ് സൂചിയും തമ്മിലുണ്ടാക്കുന്ന കോൺഎത്ര?

A. $60^0$
B. $75^0$
C. $120^0$
D. $115^0$

40. പൂർണ്ണ വർഗ്ഗമല്ലാത്ത സംഖ്യ ഏത് ?

A. 71288
B. 64516
C. 39601
D. 100489

റിസോഴ്സ് ടീം ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

41. ഒരേ വിസ്തീർണമുള്ള രണ്ട് ചതുരങ്ങളുടെ വിസ്തീർണം $40cm^2$ ആണ്. ഒന്നാമത്തെ ചതുരത്തിന്റെ നീളം 10cm ആണ്. ഈ ചതുരത്തിന്റെ 2 മടങ്ങ് നീളമുണ്ട് രണ്ടാമത്തെ ചതുരത്തിന്. രണ്ടാമത്തെ ചതുരത്തിന്റെ വീതിയെന്ത് ?

A. 2cm

B. 20cm

C. 40cm

D. 15cm

42. ഒരു സമചതുരത്തിന്റെ വശം ഇരട്ടിയാകുമ്പോൾ വിസ്തീർണം എത്രമടങ്ങാകും

A. 2

B. 4

C. 1

D. 8

43. 18 km/h വേഗതയിൽ സഞ്ചരിക്കുന്ന ഒരു സൈക്കിൾ യാത്രക്കാരൻ 30 സെക്കന്റിൽ എത്രദൂരം സഞ്ചരിക്കും ?

A. 100m

B. 18km

C. 150m

D. 2km)

44. $\dfrac{2^8 x 2^5 x 2^2}{2^4 x 2^3 x 2^9}$

A. 2

B. 0.5

C. $2^{18}$

D. $2^2$)

45. ഒന്നു മുതൽ 100 വരെയുള്ള ഒറ്റസംഖ്യകളുടെ തുക എത്ര ?

A. 2500

B. 100

C. 5500

D. 2600

46.

B C

3$x$ 2$x$ D

4$x$

A $x$ E

F

$\angle AFC$ യുടെ അളവെത്ര ?

A. $70^0$

B. $126^0$

C. $60^0$

D. $10^0$

47. അടുത്തടുത്തുള്ള രണ്ട് അഭാജ്യസംഖ്യകളുടെ തുകയുടെ പകുതി 30 ആണെങ്കിൽ ഇതിലെ ആദ്യ അഭാജ്യസംഖ്യ ഏത്

A. 29

B. 30

C. 31

D. 60

48. അരിയും ഉഴുന്നും 7:5 അംശബന്ധത്തിലാണ് ഇഡ്ഡലിക്ക് ചേർക്കുന്നത്. 10.5 കപ്പ് അരിക്ക് എത്ര കപ്പ് ഉഴുന്ന് ചേർക്കണം


A. 5

B. 7.5

C. 7

D. 12

49. $100\ cm^2$ വിസ്തീർണമുള്ള സമചതുരാകൃതിയായ ഒരു തുണിയുടെ ഒരു മൂലയിൽ നിന്നും $1cm^2$ കീറിപ്പോയി ബാക്കിയുള്ള തുണിയിൽ നിന്നും കിട്ടാവുന്ന സമചതുരാകൃതിയായ ഏറ്റവും വലിയ തുണിയുടെ വിസ്തീർണമെന്ത് ?



A. 99

B. 90

C. 98

D. 81

50. ഒരാൾ വീട്ടിൽ നിന്നും 5km കിഴക്കോട്ട് നടന്നു. പിന്നീട് വലത്തോട്ട് തിരിഞ്ഞ് 6km തെക്കോട്ട് നടന്നു. പിന്നീട് 3km കിഴക്കോട്ട് നടന്നു. ഇപ്പോൾ വീട്ടിൽ നിന്നും എത്ര അകലത്തിലാണ് ?

A. 14 km

B. 10km

C. 9 km

D. 8 km

റിസോഴ്സ് ടീം ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

## Paper II Part - A
## ENGLISH
## Question Number 1 to 15

**1. Question 1 to 6. Read the following article and choose the right answer.**

Everything is possible with confidence. What is confidence really? It is another name for self belief and complete trust in your own self. You are unique and special with your own set of skills and gifts. You have the right to have your own set of opinions and beliefs about things. Most people lose confidence due to past failures. They let the past ruin their present.

Preparation and practice will give you confidence. Be positive and approach life with a smile rather than a frown. Celebrate every little self improvement and every small personal victory. Take every failure as an opportunity to learn. Overthinking and over analysis in life take away too much of time and postpone important decisions. Go out and meet new people. The best part of interacting with others is that you get a scope to broaden your horizons which is also essential for self improvement. To keep up positive energy, you require regular physical exercise. Taking inspiration from successful people is one of the effective self confidence exercises.

1) Confidence means

a) Skills and talents

b) Self belief and complete trust in self

c) Special talents

d) None of the above

2) How should we change a failure?

a) Leave as a past event

b) Beware of further failures

c) Opportunity to learn

d) Self improvement

3) What is essential for gaining positive energy?

a) Inspiration

b) Regular Physical exercise

c) Overthinking

d) Over analysis

4) This is against to become positive

a) frown on face  b) Smile on face

c) Inspiration  d) failure

5) Which word has the meaning "destroy"

a) unique  b) frown

c) failure  d) ruin

6) We can take important decisions if we avoid .....................

a) failures  b) trust

c) over analysis  d) Self belief

7) I have been waiting you .............. a long time

a) for  b) since

c) from  d) at

8) It is ............. your help I could achieve this

a) of  b) with

c) for  d) from

9) Who ................ you can do this?

a) between  b) by

c) from  d) among

10) Which term does not describe a noun?

a) beautiful  b) slowly

c) fine  d) bad

11) Which proverb can give an idea that "just by appearance you cannot judge a person's character"?

a) Early bird catches the worm

b) Honesty is the best policy

c) An idle man's mind is a devil's workshop

d) All that glitters is not gold.

12) You should always be optimistic. Being ........... you cannot achieve anything.

a) dishonest  b) pessimistic

c) rude  d) diffident

13) The children have already ............ the notes

a) written  b) wrote

c) writing  d) write

14) I cannot walk. I cannot run. These two sentences can be joined by using which of the following?

a) Either .....or  b) Neither......nor

c) if..... not  d) Not only ....... but also

15) I am ---------- tired --------- do any work

a) too , to  b) So, to

c) Very, of  d) too, for

റിസോഴ്സ് ടീം ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

## Paper II Part - B

## അടിസ്ഥാനശാസ്ത്രം

Question Number 16 to 35

16. സീറോ ബഡ്ജറ്റ് നാചുറൽ ഫാമിംഗ് എന്ന ഏറെ പ്രചാരം നേടിയ ആശയത്തിന്റെ ഉപജ്ഞാതാവ് ?
   A. എം.എസ്. സ്വാമിനാഥൻ
   B. മസനോബു ഫുക്കുവോക്ക
   C. സുഭാഷ് പലേക്കർ
   D. ഹർഗോവിന്ദ് ഖുരാന

17. അർക്കാ അഭയ് എന്ന ഗുണമേന്മയുള്ള വിത്തിനം ഏതു വിളവിന്റേത് ആണ്?
   A. മുളക്
   B. വെണ്ട
   C. പാവൽ
   D. മത്തൻ

18. നെല്ലി, പ്ലാവ് മുതലായവയിൽ പരീക്ഷിക്കാവുന്ന പതിവയ്ക്കൽ രീതി
   A. കൂനപതിവയ്ക്കൽ
   B. വായുവിൽ പതിവയ്ക്കൽ
   C. പാത്തിപ്പതി
   D. നിരപ്പിൽ പതിവയ്ക്കൽ

19. ജലത്തിന്റെ റിഫ്രാക്ടീവ് ഇൻഡക്സ്
   A. 1.50
   B. 1.33
   C. 1.31
   D. 1.00

20. ആറന്മുള കണ്ണാടിയിലെ ലോഹസങ്കരം
   A. ചെമ്പ്, ഈയം
   B. ചെമ്പ്, വെള്ളി
   C. ടിൻ, ഈയം
   D. ചെമ്പ്, ടിൻ

21. ഹൈഡ്രോക്ലോറിക് ആസിഡും, സിങ്കും പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന വാതകത്തിനടുത്തേക്ക് കത്തിച്ച തീപ്പെട്ടിക്കൊള്ളി കാണിച്ചാൽ
   A. തീ അണയുന്നു
   B. ഒന്നും സംഭവിക്കുന്നില്ല
   C. വാതകം ചെറിയ ശബ്ദത്തോടെ കത്തുന്നു.
   D. വാതകം പുറത്തേക്കു വ്യാപിക്കുന്നു

22. തക്കാളിയിൽ അടങ്ങിയിരിക്കുന്ന ആസിഡ്
   A. അസറ്റിക് ആസിഡ്
   B. സിട്രിക് ആസിഡ്
   C. ഫോർമിക് ആസിഡ്
   D. ഓക്സാലിക് ആസിഡ്

23. ഹൈഡ്രാൻജിയ പൂക്കൾ പലനിറത്തിൽ കാണുന്നതിനുള്ള കാരണം
   A. മണ്ണിന്റെ $P^H$ മൂല്യത്തിലെ വ്യത്യാസം
   B. വിവിധയിനം വിത്തിനങ്ങൾ
   C. പ്രകാശത്തിന്റെ വ്യത്യാസം
   D. വെള്ളം, വളം ഇവയുടെ വ്യത്യാസം

24. യൂക്കാലിപ്റ്റ്സ്, മഹാഗണി മുതലായ വൃക്ഷങ്ങളുടെ തൊലി അടരുന്നതിനു കാരണം.
   A. പുതിയ ചെടി ഉണ്ടാവാൻ
   B. ഈ വൃക്ഷങ്ങളിലെ മാലിന്യം നീക്കാൻ
   C. വിത്തുശേഖരിക്കാൻ
   D. കറ എടുക്കാൻ

25. മനുഷ്യന്റെ വായിലേക്ക് തുറക്കാത്ത ഉമിനീർഗ്രന്ഥി ഏത് ?
   A. പരോട്ടിഡ്
   B. പിറ്റ്യൂറ്ററി
   C. സബ്‌ലിംഗ്വൽ
   D. സബ് മാക്സിലറി

26. ELCB ഉപയോഗിക്കുന്നത്
   A. വൈദ്യുത പ്രവാഹം വിച്ഛേദിക്കുന്ന സുരക്ഷാ ഉപകരണം
   B. സർക്കീട്ട് പൂർണ്ണമാകാൻ
   C. ബാറ്ററിക്കു പകരം ഉപയോഗിക്കാൻ
   D. വൈദ്യുതി ലാഭിക്കാൻ

27. വ്രണങ്ങൾ വൃത്തിയാക്കാൻ ഉപയോഗിക്കുന്ന രാസവസ്തു.
   A. സൾഫ്യൂരിക്കാസിഡ്
   B. ഹൈഡ്രജൻപെറോക്സൈഡ്
   C. കാർബൺഡയോക്സൈഡ്
   D. അമോണിയം പെറോക്സൈഡ്

റിസോഴ്സ് ടീം ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

28. മുങ്ങിക്കപ്പലുകൾക്ക് സാധാരണ കപ്പലുക ളേക്കാൾ കട്ടി കൂടിയ ഭിത്തി നിർമ്മിക്കാനുള്ള കാരണം.

A. ആഴം കൂടുന്തോറും മർദ്ദം കൂടുന്നു.

B. ആഴം കൂടുന്തോറും മർദ്ദം കുറയുന്നു.

C. വാതകമർദ്ദം ദ്രാവകമർദ്ദത്തിനുതുല്യമാണ്

D. അന്തരീക്ഷമർദ്ദം അതിജീവിക്കാൻ

29. രക്തകോശങ്ങൾ അല്ലാത്തത്

A. മാഗ്നോസൈറ്റ്

B. ലിംഫോസൈറ്റ്

C. ഈസിനോഫിൽ

D. ന്യൂട്രോഫിൽ

30. രക്തത്തിലെ മുഖ്യപ്രോട്ടീൻ

A. ഈസിനോഫിൽ

B. ആൽബുമിൻ

C. സിറം

D. ഹീമോഗ്ലോബിൻ

31. തന്മാത്രകളുടെ ചലനവേഗതയും, ഗതികോർജ്ജവും ബന്ധപ്പെട്ടിരിക്കുന്നത്.

A. വിപരീത അനുപാതം

B. ഗുണിതമായിരിക്കും

C. പകുതി അനുപാതം

D. നേർഅനുപാതം

32. സൂര്യപ്രകാശം ഭൂമിയിൽ എത്തുന്ന താപപ്രസരണമാർഗ്ഗം

A. സംവഹനം

B. ചാലനം

C. വികിരണം

D. ഗതികം

33. കണ്ണിമാങ്ങ ഉപ്പിലിടുമ്പോൾ മാങ്ങ ചുരുങ്ങുന്നതിന്റെ കാരണം

A. ഗാഢത

B. $P^H$ മൂല്യം

C. ഓസ്മോസിസ്

D. ചാലനം

34. മെറ്റാനിൽയെല്ലോ എന്ന മായം ഏതു ഭാക്ഷ്യവസ്തുവിൽ ചേർക്കുന്നു ?

A. മുളകുപൊടി

B. ചായപ്പൊടി

C. നെയ്യ്

D. മഞ്ഞൾപ്പൊടി

35. കന്നുകാലികളിൽ ഉണ്ടാകുന്ന ആന്ത്രാക്സ് രോഗത്തിന് മരുന്ന് കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ

A. ലൂയിപസ്ചർ

B. ജഗദീശ് ചന്ദ്രബോസ്

C. ഐസക് ന്യൂട്ടൺ

D. എഡ്വേർഡ് ജന്നർ

റിസോഴ്സ് ടീം ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

## Paper II   Part - C

## സാമൂഹ്യശാസ്ത്രം

### Question Number 36 to 55

36. ഇൻഡ്യൻ ഭരണഘടന നിലനിൽവന്ന ദിവസം ഏത് ?
A. ജനുവരി 26, 1950
B. ഡിസംബർ 25 1945
C. നവംബർ 26, 1949
D. ജൂലൈ 5, 1947

37. എഴുതപ്പെട്ട ഭരണഘടനയുള്ള രാജ്യം ഇവയിൽ ഏതാണ് ?
A. ബ്രിട്ടൺ
B. ഇസ്രായിൽ
C. ന്യൂസിലാന്റ്
D. യു.എസ്.എ

38. സ്വരാജ് ട്രോഫി ലഭിക്കുന്ന മേഖലയേത് ?
A. വ്യവസായമേഖല
B. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
C. കൃഷിമേഖല
D. മീൻപിടുത്തം

39. ആദ്യമായി ഭൂപടം നിർമ്മിച്ച ഗ്രിക്കിലെ തത്വശാസ്ത്രജ്ഞൻ ആരാണ് ?
A. അനാക്സിമാൻഡർ
B. മഗല്ലൻ
C. കൊളംബസ്
D. അഭിലാഷ്ടോമി

40. വടക്കും തെക്കും തമ്മിൽ യോജിപ്പിച്ചുവരയ്ക്കുന്ന സാങ്കൽപിക വൃത്തരേഖകളാണ്
A. ഭൂമധ്യരേഖ
B. അക്ഷാംശരേഖകൾ
C. രേഖാംശരേഖകൾ
D. ധ്രുവങ്ങൾ

41. ആൽപ്സ് പർവ്വതം സ്ഥിതിചെയ്യുന്ന ഭൂഖണ്ഡം ഇവയിൽ ഏതാണ് ?
A. യൂറോപ്പ്
B. ഏഷ്യ
C. ആഫ്രിക്ക
D. ആസ്ട്രേലിയ

42. കാറ്റിന്റെ വേഗത അളക്കുന്ന ഉപകരണം ഏത് ?
A. അനിമോമീറ്റർ
B. തെർമോ മീറ്റർ
C. ഹൈഗ്രോമീറ്റർ
D. വിൻഡ് വെയിൻ

43. ഫ്രാൻസിലെ ദേശീയ പുഷ്പം ഇവയിൽ ഏതാണ് ?
A. താമര
B. റോസ്
C. ഗോൾഡൻ റോസ്
D. ലില്ലി

44. ലോകത്തിലെ ഏറ്റവും വലിയ പ്രതിമയേത് ?
A. സ്റ്റാച്ച്യു ഓഫ് ലിബേർട്ടി
B. അവസാന അത്താഴം
C. സ്റ്റാച്ച്യു ഓഫ് കോയിൻ
D. സ്റ്റാച്ച്യു ഓഫ് പെട്രാർക്ക്

45. ഏതാണ് കറുത്തസ്വർണ്ണമെന്ന് അറിയപ്പെടുന്നത് ?
A. ഡീസൽ
B. കുരുമുളക്
C. പെട്രോളിയം
D. സിൽവർ

46. ഒരു കബഡി ടീമിലുള്ള അംഗങ്ങളുടെ എണ്ണം
A. 7
B. 4
C. 11
D. 8

47. 'ഫാദർ ഓഫ് ഹ്യൂമാനിസം' എന്നറിയപ്പെടുന്നത് ആരെ?
A. പെട്രാർക്ക്
B. മുസ്സോളിനി
C. ഗാന്ധിജി
D. ഗലീലിയോ

48. ചവിട്ടുനാടക കലാരൂപം സംഭാവന നൽകിയവർ ആര് ?
A. ഡച്ച്കാർ
B. പോർട്ടുഗീസ്കാർ
C. ഇംഗ്ലീഷ്കാർ
D. ഫ്രഞ്ച്കാർ

റിസോഴ്സ് ടീം ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി

49. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയ വർഷം ഏത് ?

A. 1945

B. 1453

C. 1435

D. 1940

50. ഡച്ച് ശക്തി ക്ഷയിച്ച യുദ്ധമേത് ?

A. പാനിപ്പത്ത്

B. ഒന്നാം സ്വാതന്ത്ര്യസമരം

C. കുളച്ചൽ യുദ്ധം

D. കർണ്ണാട്ടിക് യുദ്ധം

51. ദത്തപഹാരനയം ഏത് പ്രഭുവാണ് നിർത്തലാക്കിയത് ?

A. ഡൽഹൗസിപ്രഭു

B. കഴ്സൺപ്രഭു

C. വെല്ലസ്ലി പ്രഭു

D. രാജാദാസ് പ്രഭു

52. സാമൂതിരി രാജാവിന്റെ നാവീകത്തലവൻ ആരായിരുന്നു ?

A. കുഞ്ഞാലികൾ

B. പോർട്ടുഗീസുകാർ

C. ഡച്ചുകാർ

D. ഇംഗ്ലീഷുകാർ

53. നഗോഡകൾ ഏത് സംസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A. പഞ്ചാബ്

B. മഹാരാഷ്ട്ര

C. ബംഗാൾ

D. തമിഴ്നാട്

54. സി.എസ്.ഒ (C,S,O) മുഴുവൻ പേര് എന്ത് ?

A. സെൻട്രൽ സൊസൈറ്റി ഓഫ് ഒർഗൈനൈസേഷൻ

B. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

C. സെൻസസ് സൊസൈറ്റി ഓഫ് ഓൾഡ് ഏജ്

D. സെൻട്രൽ സ്ക്കൂൾ ഓഫ് ഓഫീസ്

55. 'വനം' ഏത് മേഖലയിൽ ഉൾപ്പെടുന്നു ?

A. പ്രാഥമികം

B. ദ്വിതിയം

C. ത്രിതിയം

D. രാഷ്ട്രീയം

റിസോഴ്സ് ടീം ടീച്ചേഴ്സ് ക്ലബ്ബ് കോലഞ്ചേരി